പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2460.

9.7.2015 -ൽ
മറുപടിയ്ക്ക്

<u>സ്വയംഭരണ കോളേജുകളും കൽപിത സർവ്വകലാശാലകളും ആരംഭിക്കൽ</u>

<u>ചോദ്യം</u>
ശ്രീ.വി.ശിവൻകുട്ടി.

<u>മറുപടി</u>
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സ്വയംഭരണ കോളേജുകളും കൽപിത സർവ്വകലാശാലകളും ആരംഭിക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ) പുതിയ സർക്കാർ സ്വയംഭരണ കോളേജുകളും കൽപിത സർവ്വകലാശാലകളും ആരംഭിക്കുന്നതിനായി 2014-15 ലെ ബഡ്ജറ്റിൽ **2202-03-103-61** എന്ന ശീർഷകത്തിൽ 5 കോടി രൂപയും **4202-01-203-90** എന്ന ശീർഷകത്തിൽ 5 കോടി രൂപയും വകയിരുത്തിയിരുന്നു. ഇതിൽ, **2202-03-103-61** എന്ന ശീർഷകത്തിൽ വകയിരുത്തിയിരുന്ന 5 കോടി രൂപയിൽ നിന്നും എറണാകുളം മഹാരാജാസ് കോളേജിന് സ്വയംഭരണ പദവിയുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾക്കായി 142.50 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 16.45 ലക്ഷം രൂപ വിനിയോഗിക്കുകയും ശേഷിക്കുന്ന 126.05 ലക്ഷം രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ